കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2014-15, 2015-16

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

<u>(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)</u>

നം.കെ.എസ്.എ-കെ.എൽ.എം.ഡി.ബി.1513/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കൊല്ലം ജില്ല.

തീയതി – 22/03/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് - 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ,കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം -ഡി.ബി513/17, തീയതി, 22-3-2017

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.14 മുതൽ 31.01.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും

വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മിനി.എ.എസ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-02-17 മുതൽ<br>27-02-17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ്,<br>ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ശ്രീകുമാരി,<br>ജി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പത്മകുമാരി,അസിഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ,ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.വേണുഗോപാലക്കുറുപ്പ് | 1-4-14മുതൽ<br>31-10-15വരെ |
| | ശ്രീമതി.എ.സുമ | 15-11-15മുതൽ<br>31-3-16 വരെ |
| സെക്രട്ടറി | ശ്രീമതി.എ.ഫെയ്സി | 1-4-14മുതൽ<br>17-10-14വരെ |
| | ശ്രീ.റ്റി.ഗോപാലകൃഷ്ണപിള്ള | 18-10-14മുതൽ<br>31-3-16 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | മുഹമ്മദ്കുഞ്ഞ് | 1-4-14മുതൽ 31-5-14 വരെ |
| | ബിനി.ജി. | 2-6-14മുതൽ 25-9-15വരെ |
| | ഷൈജ.ബി | 26-9-15മുതൽ 31-3-16 വരെ |
| പട്ടികജാതി വികസന ഓഫീസർ | ലിസ.റ്റി. | 1-4-14മുതൽ 29-12-15 വരെ |
| | ബിജ്ജുസുന്ദർ | 30-12-15മുതൽ 31-3-16 വരെ |
| വെറ്ററിനറി സർജൻ | അജിലാസ്റ്റ് | 1-4-14മുതൽ 31-3-16 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ഹരികുമാർ | 1-4-14മുതൽ 31-3-16 വരെ |
| വ്യവസായ വികസന ഓഫീസർ | ജോൺ ഡാനിയൽ | 1-4-14മുതൽ 31-3-16 വരെ |
| സി.ഡി.പി.ഒ | സുശീല | 1-4-14മുതൽ 23-7-14 വരെ |
| | സുലോചന | 24-7-14മുതൽ 31-3-16വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ബി.എച്ച്.ബീന | 1-4-14മുതൽ 31-3-16 വരെ |
| സൂപ്രണ്ട്,താലൂക്കാശുപത്രി, ശാസ്താംകോട്ട | ഡോ.സുനിൽകുമാർ | 1-4-14മുതൽ 31-3-16വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി .ശൂരനാട് | ഡോ.ജ്യോതിലക്ഷ്മി | 1-4-14മുതൽ 31-3-16വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, മൈനാഗപ്പള്ളി | ഡോ.മഞ്ജൂഷ T.P | 1-4-14മുതൽ 1-8-14വരെ |
| | ഡോ.പ്രതിഭ | 2-8-14മുതൽ 19-5-15വരെ |
| | ഡോ.മഞ്ജൂഷ T.P | 20-5-15മുതൽ 10-8-15വരെ |
| | ഡോ.വാസുദേവൻ തെക്കേവീട്ടിൽ | 11-8-15മുതൽ 31-3-16 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | എഗ്രിമെന്റ് വയ്ക്കാതെ കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നു. | 2-1 |
| 13 | വാടക വർഷാവർഷം കൂട്ടിവാങ്ങുന്നില്ല | 2-2 |
| 14 | സപ്ലൈകോ മെഡിക്കൽ സ്റ്റോറിന്റെ വാടക ഈടാക്കുന്നില്ല | 2-3 |
| 15 | വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ലേലം നടക്കുന്നില്ല. | 2-4 |
| 16 | വർക്കേഴ്സ് വെൽഫയർ ഫണ്ടിന്റെ പഞ്ചായത്ത് വിഹിതം ഒടുക്കിയില്ല | 2-5 |
| | ഭാഗം 3 | |
| 17 | പകർച്ച വ്യാധി നിർമ്മാർജ്ജന പ്രവർത്തനം- | 3-1 |
| 18 | എസ്.എച്ച്.ഗ്രൂപ്പുകൾക്ക് ആട്ടു വളർത്തൽ പദ്ധതികളിലെ അപാകതകൾ | 3-2 |

| | | |
|---|---|---|
| 19 | ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്ക് വിഹിതം നൽകൽ -വിനിയോഗ രേഖകൾ ലഭ്യമാക്കാത്തത്. | 3-3 |
| 20 | ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ. | 3-4 |
| 21 | ശാസ്താംകോട്ട താലൂക്ക് ഹോസ്പിറ്റലിന് മരുന്നു വാങ്ങൽ -മരുന്നുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ലഭ്യമാക്കാത്തത്. | 3-5 |
| 22 | അനുബന്ധ രേഖകളുടെ അഭാവത്തിൽ 2141160/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അനുവദനീയമല്ലാത്ത പദ്ധതി | 3-7 |
| 24 | ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ | 3-8 |
| 25 | സിഡ്കോ നിർമ്മിക്കാത്ത ഉപകരണങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങി | 3-9 |
| 26 | ജനകീയാസൂത്രണം - പിന്നിട്ട 20 വർഷത്തെ ഡോക്യുമെന്റേഷൻ ചെലവുകൾ - അനുവദനീയമല്ലാത്ത പദ്ധതി - 25150/- രൂപ തടസ്സപ്പെടുത്തുന്നു. | 3-10 |
| 27 | റോഡ് കോൺക്രീറ്റിംഗിന് ടാറിംഗ് ഉൾപ്പെടെയുള്ള നിരക്ക് അനുവദിച്ചില്ല. 21581/- രൂപയുടെ നഷ്ടം | 3-11 |
| 28 | ഭാഗം 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-2015 വർഷത്തെ ബജറ്റ്, 20.03.14 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും 2015-2016 വർഷത്തെ ബജറ്റ്, 23.03.15 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.15 | 31.07.15 | - | - |
| 31.07.16 | 31.07.16 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 27.02.2017 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2015-2016 | 27.02.2017 | |

### വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.2014-15/2015-16BFA II വരവ് RP31 പ്രകാരം 33466236/- രൂപയാണ്. യഥാർത്ഥ വരവ് 32053162/- രൂപയാണ് (നബാർഡ് തുക223000/- രൂപ, ഗുണഭോക്തൃ

വിഹിതം 747198/- രൂപ ഉൾപ്പെടെ). 1413074/- രൂപ കൂടുതലുണ്ട്. RP 24 ൽ സൂചിപ്പിച്ചിട്ടുള്ള നബാർഡ് വരവ് 223000/- രൂപ വരവിൽ വീണ്ടുമുൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം 747198/- രൂപയും BFA II ൽ ഉൾപ്പെടുത്തി കാണുന്നു. 2015-16 ലെ വാർഷിക ധനകാര്യ പത്രികയിലെ RP31 പ്രകാരം വരവ് 11869961/- രൂപയാണ്. യഥാർത്ഥ വരവ് 20584713/- രൂപയാണ് . 8714752/- രൂപ കുറവാണ്.

2. 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം BFA III-4 വരവ് (RP31) 17778020/- രൂപയാണ്. യഥാർത്ഥ വരവ് 17910088/- രൂപയാണ്. 132068/- രൂപ കുറവാണ്.

3. 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം BFA III മെയിന്റനൻസ് ഫണ്ട് റോഡ് വരവ് (RP31) 2186202/- രൂപയാണ്. യഥാർത്ഥ വരവ് 3141986/- രൂപയാണ്. 955784/- രൂപ കുറവാണ്.

4. മെയിന്റനൻസ് ഫണ്ട് റോഡ് ഹെഡിൽ ബ്ലോക്ക് പഞ്ചായത്തിന് വരവില്ല. എന്നാൽ RP31 ൽ 10885/- രൂപ വരവ് കാണിച്ചിരിക്കുന്നു.

5. ഐ.എ.വൈ. പദ്ധതിയുടെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ തയ്യാറാക്കി ബാങ്ക് സ്റ്റേറ്റുമെന്റുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഐ.എ.വൈ. വരവ്-ചെലവ് തുകകളുടെ കൃത്യത വ്യക്തമല്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സംയുക്ത പ്രോജക്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

6. ഇൻഡ്യൻ ബാങ്ക് ഭരണിക്കാവ് NPRPD 2015-16 ലെ യഥാർത്ഥ നീക്കിയിരിപ്പ് തുക 9322/- രൂപയാണ്. എന്നാൽ RP40(b) നീക്കിയിരിപ്പ് തുക 8278/- രൂപയാണ്.

7. ഇൻഡ്യൻ ബാങ്ക് (ട്രാക്ടർ) അക്കൌണ്ടിലെ 2015-16 ലെ യഥാർത്ഥ നീക്കിയിരിപ്പ് തുക 703/- രൂപയാണ്. എന്നാൽ RP40(b) നീക്കിയിരിപ്പ് തുക 625/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

8. ഇൻഡ്യൻ ബാങ്ക് Sign SHG 2015-16 ലെ യഥാർത്ഥ നീക്കിയിരിപ്പ് തുക 6464/- രൂപയാണ്. എന്നാൽ RP40(b) നീക്കിയിരിപ്പ് തുക 100731/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

9. ഇൻഡ്യൻ ബാങ്ക് SGSY അക്കൗണ്ട് 25.03.2014 ൽ ക്ലോസ് ചെയ്തിട്ടുണ്ട്. എന്നാൽ 2014-15 നീക്കിയിരിപ്പിലും 2015-16 മുന്നിരിപ്പിലും 197239/- രൂപ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

10. ഇൻഡ്യൻ ബാങ്ക് SEC അക്കൗണ്ട് നീക്കിയിരിപ്പ് 2014-15 ൽ 4960/- (RP40(b)) രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 7679/- രൂപയാണ്. ബാങ്ക്

ബുക്ക് ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. 2015-16ൽ നീക്കിയിരിപ്പ് 7679/- രൂപയാണ്. പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക്ബുക്ക് ബാങ്ക്പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

11.ഐ.എ.വൈ. സി.എസ്.എസ്. അക്കൗണ്ടിൽ 364967/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പ് പൂജ്യമാണ്.

12. ബ്ലോക്ക് പഞ്ചായത്തിന് ഇൻവെസ്റ്റ്മെന്റില്ല. എന്നാൽ ബാലൻസ് ഷീറ്റ് ബി12 ഷെഡ്യൂളിൽ 28926/- രൂപ നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.

13. വാടകയിനത്തിലെ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

14. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത വ്യക്തമല്ല.

15. എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

16. സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റോക്കിന്റെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 75068279 |
| വരവ് | 138681694 |
| ആകെ | 213749973 |
| ചെലവ് | 164213708 |
| നീക്കിയിരിപ്പ് | 49536265 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 49536265 |
| വരവ് | 165965897 |
| ആകെ | 215502162 |
| ചെലവ് | 157474860 |

| നീക്കിയിരിപ്പ് | 58027302 |
|---|---|

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 289289 | 33466236 | 33755525 | 29675875 | 4079650 | 87.9% | |
| വികസനഫണ്ട് എസ്.സി.പി. | 194106 | 19451000 | 19645106 | 14694680 | 4950426 | 74.8 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 100000 | 100000 | 100000 | 0 | 100 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | | | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2617 | 4256000 | 4258617 | 3051588 | 1207029 | 71.7 | |
| ബി ഫണ്ട് | 0 | 219285 | 219285 | 219285 | 0 | | |

2015-16

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 4079650 | 24592697 | 28672347 | 28672347 | | | |
| വികസനഫണ്ട് എസ്.സി.പി. | 4950426 | 13902104 | 18852530 | 18852530 | 0 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 52000 | 52000 | 52000 | 0 | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1207029 | 3141986 | 4349015 | 4349015 | | | |
| ബി ഫണ്ട് | | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശത മാനം |
|---|---|---|---|---|---|---|---|
| 2014-15 | 75 | 136582619 | 64 | 46193185 | | 11 | 85.33 |
| 2015-16 | 97 | 139190089 | 84 | 51936777 | 9 | 13 | 86.6 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ 27.71ശതമാനം വർദ്ധനവും 2015-16 സാമ്പത്തിക വർഷം 4.85% കുറവും ഉണ്ടായിട്ടുണ്ട്.

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)

2014-15

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 69621 | 448662 | 379041 | |
| മറ്റുവരവുകൾ | 2488872 | 2818869 | 329997 | |

| | | | | |
|---|---|---|---|---|
| ആകെ | 2558493 | 3267531 | 709038 | 27.71 |

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 448662 | 23920 | (-)424742 | |
| മറ്റുവരവുകൾ | 2818869 | 3085232 | 266363 | |
| ആകെ | 3267531 | 3109152 | (-)158379 | (-)4.85 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-2-17ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 400/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൌണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല. പ്രസ്തുത അക്കൌണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-12-15 മുതൽ 31-12-15 വരെ | 2015-16 | 27-2-16 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-6-16 മുതൽ 10-6-16 വരെ | 2012-13 to 2015-16 | 24-7-16 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 എഗ്രിമെന്റ് വയ്ക്കാതെ കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മഹിളാ ഗ്രാമ വ്യവസായ കേന്ദ്രത്തിന് എഗ്രിമെന്റ് വയ്ക്കാതെ വാടകയ്ക്ക് നൽകിയിരിക്കുന്നു. 2013 മുതൽ 200 രൂപ നിരക്കിലാണ് കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8 (27.02.2017)ക്ക് എഗ്രിമെന്റ് വച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. സർക്കുലർ നമ്പർ 28758/ഡി.ബി2/10/ത.സ്വ.ഭ.വ /15.10.2010 പ്രകാരം പഞ്ചായത്തുകളുടെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച കരാറുകൾ കേരള സ്റ്റാമ്പ് ആക്ടിലെ പട്ടികയിലെ എൻട്രി 5(ഡി) പ്രകാരം 100 മൂല്യമുള്ള മുദ്രപത്രത്തിൽ ചമയ്ക്കേണ്ടതാണ്. ആയതിനാൽ ഡെപ്പോസിറ്റ് തുക വാങ്ങി എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 വാടക വർഷാവർഷം കൂട്ടിവാങ്ങുന്നില്ല

മഹിളാഗ്രാമ വ്യവസായ കേന്ദ്രത്തിന് 2013 മുതൽ 200രൂപ നിരക്കിലാണ് കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നത്. നാളിതുവരെ വാടകനിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. 24.07.04 ലെ സി-5/17031/04 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാതൃകാ ബൈലോയിൽ വാടക വർഷം തോറും 5% നിരക്കിലോ മൂന്നുവർഷം കൂടുമ്പോൾ 15% നിരക്കിലോ വർദ്ധിപ്പിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും എഗ്രിമെന്റിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

### 2-3 സപ്ലൈകോ മെഡിക്കൽ സ്റ്റോറിന്റെ വാടക ഈടാക്കുന്നില്ല

താലൂക്ക് ആശുപത്രി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സപ്ലൈക്കോ മെഡിക്കൽ സ്റ്റോറിന്റെ വാടക ഈടാക്കാത്തത് സംബന്ധിച്ച് കഴിഞ്ഞ റിപ്പോർട്ടിലും പരാമർശമുണ്ടായിരുന്നതാണ്.

താലൂക്ക് ആശുപത്രി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സപ്ലൈക്കോ മെഡിക്കൽ സ്റ്റോറിന്റെ വാടക ഈടാക്കാൻ 29.11.2013 ലെ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം

താലൂക്ക് ആശുപത്രി സൂപ്രണ്ടിനെയും അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്(മുൻ റിപ്പോർട്ട്). ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി 8 (28.02.2017) ന് വാടക നൽകാൻ സപ്ലൈകോ അധികൃതരോട് പലതവണ ആവശ്യപ്പെട്ടിട്ടും സൗജന്യ നിരക്കിൽ മരുന്ന് നൽകുന്നതിനാൽ വാടക നൽകാൻ സാധിക്കില്ല എന്നാണ് അറിയിച്ചത് എന്ന മറുപടിയാണ് ലഭിച്ചത്. വാടക ഒഴിവാക്കികൊടുത്തതിന് ഗവൺമെന്റ് സാധൂകരണത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് സാധൂകരണം ഓഡിറ്റിന് ഹാജരാക്കുകയോ സപ്ലൈകോയിൽ നിന്നും വാടക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

**2-4** <u>വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ലേലം നടക്കുന്നില്ല.</u>

1. ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായത്തിന്റെ ലേലം നടക്കുന്നില്ല. തുടർ വർഷങ്ങളിൽ ലേലം നടത്തി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

2. 2015-16 വർഷത്തിൽ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ സ്ക്രാപ്പ് ലേലങ്ങൾ നടന്നിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10(27.02.2017) ന് 2016-17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേയും താലൂക്ക് ആശുപത്രിയിലേയും സ്ക്രാപ്പ് ലേലങ്ങൾ നടന്നിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. മറ്റു സ്ഥാപനങ്ങളിലേയും സ്ക്രാപ്പ് ലേലങ്ങൾ നടത്തി ലേലത്തുക പഞ്ചായത്തിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2-5** <u>വർക്കേഴ്സ് വെൽഫയർ ഫണ്ടിന്റെ പഞ്ചായത്ത് വിഹിതം ഒടുക്കിയില്ല</u>

2014-15, 2015-16 വർഷത്തെ വർക്ക് ബില്ലുകളിൽനിന്നും 1% നിരക്കിൽ ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ ഒടുക്കിയിട്ടുണ്ട്. 1996 ലെ കേരളാ ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3(3) പ്രകാരം വസൂലാക്കുന്ന സെസ്സിന്റെ 1% തുക പഞ്ചായത്തിൽ ഒടുക്കണം. എന്നാൽ 2014-15,2015-16 വർഷങ്ങളിൽ ഇപ്രകാരം തുക ഒടുക്കിയിട്ടില്ല.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1** <u>പകർച്ച വ്യാധി നിർമ്മാർജ്ജന പ്രവർത്തനം- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് നിരാകരിക്കുന്നു.</u>

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കലോഫീസർ

പ്രോജക്റ്റ് നം.s0017/15 പകർച്ച വ്യാധി നിർമ്മാർജ്ജന പ്രവർത്തനം.

അടങ്കൽ തുക-60000/- രൂപ (MGNR)

ചെലവഴിച്ച തുക-30000/- രൂപ (ബിൽ നം4/11-3-15).

മെഡിക്കലോഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള മേൽ പദ്ധതി വഴി ചുവടെ ചേർത്തിട്ടുള്ളവയ്ക്കായി 30000/-രൂപ ചെലവഴിച്ചിട്ടുണ്ട് (വാട്ടർ ക്വാളിറ്റി ടെസ്റ്റ് കിറ്റ്-5000/-, IEC Board (5 nos)-10000/-, ബോധവൽക്കരണ നോട്ടീസ്-10000/-, chlorine tablets-1000/- Abate granules(2kg)- 4000/-).പദ്ധതി മാർഗ്ഗ രേഖ(G.O(M.S) 362/13, LSGD) (അനുബന്ധം 1.7V) പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിവരശേഖരണങ്ങൾ,സാധാരണ ശുചീകരണ പ്രവർത്തനങ്ങൾക്ക് പുറമേ നടത്തേണ്ടി വരുന്ന പ്രത്യേക സമയങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർ എന്നിവരിലൂടെയും NRHM പരിപാടികൾ മുഖേനയും നടപ്പിലാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്.കൂടാതെ മാർഗ്ഗ രേഖ ഖ.7.7ൽ വിദൂര പ്രദേശങ്ങളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നതാണെന്നും വ്യക്തമാക്കുന്നുണ്ട്. മേൽക്കാരണങ്ങളാൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 30000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/27.2.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 എസ്.എച്ച്.ഗ്രൂപ്പുകൾക്ക് ആട്ട വളർത്തൽ പദ്ധതി നിർമ്മാണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ-സീനിയർ വെറ്ററിനറി സർജൻ

1)പ്രോജക്റ്റ് നം.s044/15 എസ്.എച്ച്.ഗ്രൂപ്പുകൾക്ക് ആട്ട വളർത്തൽ(SCP).

അടങ്കൽ തുക-1890000/-രൂപ(വികസന ഫണ്ട്(SCP)-945000/-

ബാങ്ക് വായ്പ-945000/-രൂപ)

ചെലവഴിച്ച തുക-331800/-രൂപ (ബിൽ നം1/30-3-15തുക189600/-,ബിൽ നം4/30-3-15 തുക 94800/-രൂപബിൽ നം6/30-3-15തുക47400/).

2)പ്രോജക്റ്റ് നം.s045/15 എസ്.എച്ച്.ഗ്രൂപ്പുകൾക്ക് ആട്ട വളർത്തൽ.

അടങ്കൽ തുക-1890000/-രൂപ(വികസന ഫണ്ട്-945000/-രൂപ

ബാങ്ക് വായ്പ-945000/-രൂപ)

ചെലവഴിച്ച തുക-474000/-രൂപ (ബിൽ നം2/30-3-15തുക379200/-രൂപ,ബിൽ

നം3/30-3-15 തുക 47400/-രൂപ, ബിൽ നം5/30-3-15തുക47400/).

കുടുംബശ്രീ സ്വയം സഹായ ഗ്രൂപ്പിൽപ്പെട്ട വനിതകൾക്ക് ആടിനെ വാങ്ങുന്നതിന് ധനസഹായം നല്കിയ പ്രോജക്ടിന്റെ (10 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 47400/- രൂപ വീതം സബ്സിഡി,ഒരു ഗുണഭോക്താവിന് 4740/- രൂപ സബ്സിഡി) നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)സബ്സിഡി മാർഗ്ഗരേഖ പ്രകാരം (അനുബന്ധം 16.ഖ2.14 i,ii) സർക്കാർ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷണർമാർ എന്നിവരോ സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരോ ഉൾപ്പെട്ട കുടുംബത്തിനെ 50000/- രൂപയിൽ താഴെ വരുമാനം ഉള്ളവരായി അംഗീകരിക്കാൻ കഴിയില്ല എന്ന് വ്യക്തമാക്കുന്നുണ്ട്.എന്നാൽ മറ്റു വരുമാനം ഇല്ലാത്തവർക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നല്കുന്ന മേൽ പദ്ധതിയിൽ മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് ആനുകൂല്യം നല്കിയിരിക്കുന്നു.

| ക്രമ നം | പേര് | റേഷൻ കാർഡ് നം/ രേഖ പ്പെടുത്തൽ | നല്കിയ സബ് സിഡി തുക |
|---|---|---|---|
| 1 | ഷെരീഫാബീവി,പൂവമ്പള്ളി കിഴക്കതിൽ,ഇടവനശ്ശേരി, മൈനാഗപ്പള്ളി,അനശ്വര ഗ്രൂപ്പ്. | 1211035130<br>ഭർത്താവ് ഗവ.ജീവനം, | 4740/- |
| 2 | ശശികല,ശ്രീലക്ഷ്മിഭവനം, ഇടവനശ്ശേരി, മൈനാഗപ്പള്ളി, അനശ്വര ഗ്രൂപ്പ് | 1211055141<br>ഭർത്താവ് പെൻഷണർ , (വിമുക്തഭടൻ) | 4740/- |
| 3 | തങ്കമണി,ശാന്തിഭവനം, പള്ളിശ്ശേരിക്കൽ,അമ്പാടി ഗ്രൂപ്പ് | 1211050417<br>ഭർത്താവ് ഗവ.ജീവനം, | 4740/- |
| 4 | ശ്രീജ,ചൈത്രം,മുതുപിലാക്കാട്, ശ്രീഭദ്ര ഗ്രൂപ്പ്. | 1211032042 | 4740/- |

| | | | |
|---|---|---|---|
| | | ഭർത്താവ് ഗവ.ജീവനം, | |
| 5 | അജിതാകുമാരി,തച്ചന്റയ്യത്ത് വീട്, മുതുപിലാക്കാട് കിഴക്ക്, ഗോകുലം എസ്.എച്ച്.ജി. | 1211020938 ഭർത്താവ് ഗവ.ജീവനം, | 4740/- |
| 6 | തങ്കച്ചി,പോച്ചത്തറയിൽ, മൈനാഗപ്പള്ളി.,ഉഷാരം ഗ്രൂപ്പ് | 1211050981 തങ്കച്ചി ഗവ.ജീവനക്കാരി | 4740/- |
| | | ആകെ | 28440/- |

മേൽ വ്യക്തികൾക്ക് സബ്സിഡി നല്കാനിടയായ സാഹചര്യം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ(നം. കെ.എസ്.എ 7/27-2-17) മറുപടിയിൽ ജോലിത്തിരക്ക് മൂലം അപേക്ഷകൾ പരിശോധിക്കാൻ സാധിച്ചില്ല എന്നാണ് മറുപടി ലഭിച്ചത്. അനർഹരായവർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി ചെലവഴിച്ച 28440/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

<u>2)ആടുകളുടെ ഇൻഷുറൻസ് രേഖകൾ സംബന്ധിച്ച്.</u>

a)പൗർണമി എസ്.എച്ച് ഗ്രൂപ്പിൽപ്പെട്ട പ്രവീണ, കോട്ട വിളാകത്ത് വീട്, ജയലക്ഷ്മി, വേളൂരേത്ത് വടക്കതിൽ എന്നിവരുടെ ആടുകളുടെ ഇൻഷുറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രൂപ്പിന്റെ ഇൻഷുറൻസ് രേഖകളിൽ, ഗ്രൂപ്പിലുൾപ്പെടാത്ത അംബിക, ഗിരിജാഭവനം, സുകുമാരി നിർമ്മാല്യം എന്നീ വ്യക്തികളുടെ പേരിൽ 3 വീതം ആടുകളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

b)ഉഷാരം ആക്ടിവിറ്റി ഗ്രൂപ്പിലുൾപ്പെട്ട ത്രേസ്യാമ്മ,സൗമ്യാഭവനം എന്ന വ്യക്തി ആടുകളെ ഇൻഷ്വർ ചെയ്തതായി ഗ്രൂപ്പിന്റെ ഇൻഷുറൻസ് രേഖകളിൽ ഇല്ല, എന്നാൽ ഗ്രൂപ്പിലുൾപ്പെടാത്ത സൗമ്യ, സൗമ്യാഭവനം എന്ന വ്യക്തി ആടുകളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ടി വ്യക്തിയുടെ റേഷൻകാർഡിൽ ത്രേസ്യാമ്മ ഉൾപ്പെട്ടിട്ടില്ല.
ഇൻഷുറൻസ് രേഖകളുടെ അഭാവത്തിൽ മേൽ വ്യക്തികൾക്ക് ആടിനെ നല്കുന്നതിന് വേണ്ടി ചെലവഴിച്ച സബ്സിഡി തുകയായ 14220/-(4740x3) രൂപ തടസ്സപ്പെടുത്തുന്നു. ഇൻഷുറൻസ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-3** <u>ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്ക് വിഹിതം നൽകൽ -വിനിയോഗരേഖകൾ ലഭ്യമാക്കാത്തത്.</u>

ജില്ലാപഞ്ചായത്ത് ശൂരനാട് വടക്ക് പഞ്ചായത്തിൽ സ്ഥാപിക്കുന്ന നെല്ല് കുത്ത് മില്ലിന് (ബഹുവർഷ പദ്ധതി) 2014-15 സാമ്പത്തിക വർഷം 300000/-(ബിൽ നം 2/28-3-15, പ്രോജക്റ്റ് നം s014/15) രൂപയും 2015-16 സാമ്പത്തിക വർഷം 300000/-രൂപയും(ബിൽ നം 1/22-3-16, പ്രോജക്റ്റ് നം s025/16) രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൃഷി അസി.ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ വഴി നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകകൾക്കുള്ള വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2/22-2-17)മറുപടിയിൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗരേഖകൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. (നിലവിൽ പദ്ധതി ആരംഭിച്ചിട്ടില്ല). വിനിയോഗ രേഖകളുടെ അഭാവത്തിൽ 600000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 <u>ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ.</u>

1).പ്രോജക്റ്റ് നം. S026/15 എസ്.എച്ച്.ഗ്രൂപ്പിൽപ്പെട്ട ക്ഷീര കർഷകരായ വനിതകൾക്ക് പശു വളർത്തൽ പദ്ധതി.

അടങ്കൽ തുക-4800000/-രൂപ(വികസന ഫണ്ട്(SCP)-1800000/- രൂപ

ബാങ്ക് വായ്പ-3000000/-രൂപ)

ചെലവഴിച്ച തുക – 1800000/-രൂപ (ബിൽ നം1/18-3-15തുക450000/-രൂപ, ബിൽ നം2/25-3-15,തുക 600000/-രൂപ, ബിൽ നം3/28-3-15, തുക600000/-രൂപ, ബിൽ നം4/31-3-15, തുക150000/-).

2014-15 സാമ്പത്തിക വർഷം കുടുംബശ്രീ സ്വയം സഹായ ഗ്രൂപ്പിൽപ്പെട്ട ക്ഷീര കർഷകരായ വനിതകൾക്ക് പശുവിനെ വാങ്ങുന്നതിന് ധനസഹായം നല്കിയ പ്രോജക്ടിന്റെ (10 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് 150000/- രൂപ വീതം 12 ഗ്രൂപ്പുകൾക്ക് 1800000/ രൂപയാണ് ബാക്ക് എൻഡഡ് സബ്സിഡിയായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ചത്.) ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.സബ്സിഡി മാർഗ്ഗരേഖ (go(p)362/13 dtd 16-11-13) പ്രകാരം(അനുബന്ധം 16.ഖ2.14 i,ii) സർക്കാർ അർദ്ധ സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/പെൻഷണർമാർ എന്നിവരോ സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരോ ഉൾപ്പെട്ട കുടുംബത്തിനെ 50000/- രൂപയിൽ താഴെ വരുമാനം ഉള്ളവരായി അംഗീകരിക്കാൻ കഴിയില്ല എന്ന് വ്യക്തമാക്കുന്നുണ്ട്.എന്നാൽ മറ്റു വരുമാനം ഇല്ലാത്തവർക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നല്കുന്ന മേൽ പദ്ധതിയിൽ മാർഗ്ഗരേഖ ലംഘിച്ചുകൊണ്ട് ചുവടെ ചേർക്കുന്ന

വ്യക്തികൾക്ക് ആനുകൂല്യം നല്കിയിരിക്കുന്നു.

| പേര് | റേഷൻകാർഡ് നം/രേഖപ്പെടുത്തൽ | നല്കിയ സബ്സിഡി തുക |
|---|---|---|
| ശ്രീമതിയമ്മ,മായാഭവനം, മഹാലക്ഷ്മിഗ്രൂപ്പ് ,മൈനാഗപ്പള്ളി. | 1211040324 ഏക മകൻ ഗവ.ജീവനം | 15000/- |
| കമലം, ബീയാസ് ഭവനം, ചിലങ്ക യൂണിറ്റ് | 1211020723 ഭർത്താവ്.പെൻഷണർ ,വരുമാനം144000/- | 15000/- |
| | ആകെ | 30000/- |

മേൽ വ്യക്തികൾക്ക് സബ്സിഡി നല്കാനിടയായ സാഹചര്യം സംബന്ധിച്ച്

അന്വേഷിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം3/22-2-17)മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരായവർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടിചെലവഴിച്ച സബ്സിഡി തുകയായ 30000/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

2)നിലവിലുള്ള സബ്സിഡി മാർഗ്ഗ രേഖ പ്രകാരം (go(p)362/13 dtd 16-11-13) ആരുടെ പക്കൽ നിന്നാണോ പശുവിനെ വാങ്ങിക്കുന്നത് അവരുടെ പേരിൽ സബ്സിഡി ഡിമാന്റ് ഡ്രാഫ്റ്റായോ, അക്കൗണ്ട് പേയീ ചെക്കായോ നല്കണമെന്നാണ്.എന്നാൽ സബ്സിഡി ലഭിച്ച ഗ്രൂപ്പുകളുടെ അപേക്ഷകൾ പരിശോധിച്ചതിൽ എല്ലാ ഗുണഭോക്താക്കളും സബ്സിഡി, പണമായാണ് പിൻവലിച്ചിരിക്കുന്നത്. ഈ രീതിയിൽ നിലവിലുള്ള പശുക്കളെ തന്നെ ഹാജരാക്കി സബ്സിഡി കൈപ്പറ്റാൻ സാധ്യതയുള്ളതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചോയെന്ന് ഓഡിറ്റിൽ സംശയിക്കുന്നു.

## **3-5** <u>ശാസ്താംകോട്ട താലൂക്ക് ഹോസ്പിറ്റലിന് മരുന്നു വാങ്ങൽ -മരുന്നുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ലഭ്യമാക്കിയിട്ടില്ല.</u>

ശാസ്താംകോട്ട താലൂക്ക് ഹോസ്പിറ്റലിന് മരുന്നു വാങ്ങുന്നതിനായി 2014-15ൽ

246000/- രൂപയും(ബിൽ നം8/13-11-14 പ്രോജക്റ്റ് നം S016/15),2015-16 ൽ 200000/-രൂപയും(ബിൽ നം.2/18-11-15 പ്രോജക്റ്റ് നം S010/16) രൂപയും കെ.എം.എസ്.സി.എല്ലിന് നൽകിയിട്ടുണ്ട്.

എന്നാൽ 2014-15 ലെ പദ്ധതി പ്രകാരം ഇതുവരെ 160390/- രൂപയുള്ള മരുന്നുകളും 2015-16 ലെ പദ്ധതി പ്രകാരം ഇതുവരെ 113980/- രൂപയുള്ള മരുന്നുകളും ആണ് ലഭ്യമാക്കിയിട്ടുള്ളത്. 171630/- രൂപയുടെ (85610+86020) മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. ജീവൻ രക്ഷാ മരുന്നുകൾ യഥാസമയം ലഭ്യമാകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു വരെ ലഭ്യമായിട്ടില്ലാത്ത മരുന്നുകളുടെ വിലയായ 171630/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 അനുബന്ധ രേഖകളുടെ അഭാവത്തിൽ 2141160/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2014-15/2015-16 സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകളുടെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 2141160/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജാരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതിയുടെ പേര്/ നമ്പർ | ഫണ്ട് | ബിൽ നം./ചെക്ക് നം. | തുക | ആവശ്യ മായ രേഖ |
|---|---|---|---|---|---|
| | 2014-15 | | | | |
| 1 | ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ് S00 9/15 | വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 20/2014-15 /31.12.2014 | 87360 | ഡി.ഡി. നം. 480004/ 10.01.2015 പ്രകാരം സെക്രട്ടറി ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ |

| | | | | | |
|---|---|---|---|---|---|
| | | | | | തുകയുടെ വിനിയോഗ വിവരം |
| 2 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ശൂരനാട് തെക്ക്, പടിഞ്ഞാറെ കല്ലട, കുന്നത്തൂര്, പോരുവഴി, മൈനാഗപ്പള്ളി, ശാസ്താംകോട്ട എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്കു വിഹിതം നൽകൽ Soo 008/15 | പൊതുവിഭാഗം സാധാരണ വിഹിതം | 8/2014-15/ 15.10.2014 | 75000 | ഡി.ഡി. നം. 522165/20. 10.2014 പ്രകാരം സെക്രട്ടറി പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം |
| | | | 10/2014-15 /15.10.2014 | 60000 | ഡി.ഡി. നം. 522166/20. 10.2014 പ്രകാരം സെക്രട്ടറി മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് പേർക്ക് |

| | | | |
|---|---|---|---|
| | | | നൽകിയ തുകയുടെ വിനിയോഗ വിവരം |
| | 29/2014-15 /16.03.2015 | 301600 | ഡി.ഡി. നം. 582011/ 16.03.2015 പ്രകാരം സെക്രട്ടറി കുന്നത്തൂർ ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ 21250/- രൂപയുടെ വിനിയോഗ വിവരം ഡി.ഡി. നം. 582012/ 16.03.2015 പ്രകാരം സെക്രട്ടറി പോരുവഴി ഗ്രാമ പഞ്ചായത്ത് പേർക്ക് 75000/- രൂപയുടെ വിനിയോഗ |

| | | | | |
|---|---|---|---|---|
| | | | വിവരം<br>ഡി.ഡി. നം. 582013/ 16.03.2015 പ്രകാരം സെക്രട്ടറി ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ 75000/- രൂപയുടെ വിനിയോഗ വിവരം<br>ഡി.ഡി. നം. 582014/ 16.03.2015 – 82850/- പ്രകാരം സെക്രട്ടറി ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം<br>ഡി.ഡി. നം. 582015/ 16.03.2015 പ്രകാരം സെക്രട്ടറി | |

| | | | | | |
|---|---|---|---|---|---|
| | | | | | ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ 62500/- രൂപയുടെ വിനിയോഗ വിവരം |
| 3 | ഐ.കെ.എം. സാങ്കേതിക | പൊതുവിഭാഗം സാധാരണ | 2/2014-15 /18.08.2014 | 179200 | ഡി.ഡി. നം. 520909/21. |

| | | | | | |
|---|---|---|---|---|---|
| | സഹായം, വെബ്സൈറ്റ് വരിസംഖ്യ ഒടുക്കൽ (S0007/15) | വിഹിതം | | | 08.2014 പ്രകാരം എക്സിക്യൂട്ടിവ് ഡയറക്ടർ ഐ.കെ.എം. പേർക്ക് നൽകിയ തുകയുടെ കൈപ്പറ്റ് രസീത് |
| | | ആകെ | | 703160 | |
| | 2015-16 | | | | |
| 4 | ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം S00 97/16 | വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 16/2015-16 /29.12.2015 | 500000 | ഡി.ഡി. നം. 035124 /30.12.2015 പ്രകാരം സെക്രട്ടറി ശൂരനാട് തെക്ക് ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം |

| | | | | | |
|---|---|---|---|---|---|
| 5 | ഐ.കെ.എം. സാങ്കേതിക സഹായം, വെബ്സൈറ്റ് വരിസംഖ്യ ഒടുക്കൽ (S0003/16) | പൊതുവിഭാഗം സാധാരണ വിഹിതം | 8/2015-16 /18.09.2015 | 179200 | ഡി.ഡി. നം. 252286/23. 09.2015 പ്രകാരം എക്സിക്യൂട്ടിവ് ഡയറക്ടർ ഐ.കെ.എം. പേർക്ക് നൽകിയ തുകയുടെ കൈപ്പറ്റ് രസീത് |
| 6 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന (S0004/16) | പൊതുവിഭാഗം സാധാരണ വിഹിതം | 10/2015-16 /18.09.2015 | 500000 | ഡി.ഡി. നം. 252285/23. 09.2015 പ്രകാരം എക്സിക്യൂട്ടിവ് ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷാമിഷൻ പേർക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 7 | പത്താംതരം തുല്യതയ്ക്ക് ഫീസ് ഒടുക്കൽ (SOOO5/16) | പൊതുവിഭാഗം സാധാരണ വിഹിതം | 19/2015-16 18/02/2016 | 58800 | ഡി.ഡി. നം. 035941/ 19.02.2016 പ്രകാരം ഡയറക്ടർ കേരള സാക്ഷരതാ മിഷൻ പേർക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം |
| 8 | കുമ്പളയിൽ കോളനി അങ്കണവാടി നിർമ്മാണം വാർഡ് 17 മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ SO 103/16 | പൊതുവിഭാഗം സാധാരണ വിഹിതം | 30/2015-16 31/03/2016 | 200000 | ഡി.ഡി. നം. 037863/ 131.03.2016 പ്രകാരം സെക്രട്ടറി മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് പേർക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | ആകെ | | 1438000 | |

**3-7** <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി.</u>

<u>പദ്ധതി: പ്രൊഫഷണൽ കോളേജുകളിൽ പഠനത്തിന് ധനസഹായം</u> പദ്ധതി നമ്പർ (Soo 20/15, SOO 19/16)

അടങ്കൽ - 750000/-രൂപ (വികസനഫണ്ട് (എസ്.സി.പി.) - 727100/-,

തനത് ഫണ്ട് - 22900/-രൂപ)

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊഫഷണൽ കോളേജുകളിൽ പഠനത്തിന് ധനസഹായം (Soo 20/15, Soo 19/16) എന്ന പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 25000/- രൂപ നിരക്കിൽ ധനസഹായം നൽകുവാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ധനസഹായം നല്കുന്നതിന് പകരം ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തു. 2014-15 ൽ ബിൽ നമ്പർ 37/14-15 /31.03.2015 പ്രകാരം 275000/- രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് സിഡ്കോയിൽ നിന്ന് 11 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ SSEKLM 0858/21.03.2015 – 175000/-(ഡി.ഡി. നമ്പർ 583413/17.04.2015), SSEKLM 0560/24.03.2015 -100000/-(ഡി.ഡി. നമ്പർ 583413/17.04.2015)) 2015-16 ൽ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 424791/- രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് സിഡ്കോയിൽ നിന്ന് 17 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെയാണ് ലാപ്ടോപ്പ് വാങ്ങിയിരിക്കുന്നത്.

1. ബിൽ നമ്പർ 36/2015-16/30.03.2016 – 199836/- (ഡി.ഡി. നമ്പർ 037902/02.04.2016) (ഇൻവോയ്സ് നമ്പർ SSEKLM 0674/26.02.2016 – 99918/- (4 എണ്ണം), SSEKLM 0767/29.02.2016 -99918/- (4 എണ്ണം))

2. ബിൽ നമ്പർ 17/2015-16/26.10.2015 – 174996/-(ഡി.ഡി. നമ്പർ 037902/02.04.2016 (ഇൻവോയ്സ് നമ്പർ SSEKLM 0445/25.09.2015 – 7 എണ്ണം)

3. ബിൽ നമ്പർ 44/2015-16/31.03.2016 – 49959/-(ഡി.ഡി. നമ്പർ 038364/07.04.2016 (ഇൻവോയ്സ് നമ്പർ SSEKLM 0886/30.03.2016– 2എണ്ണം)

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ (സ.ഉ.(എം.എസ്) നമ്പർ 362/13 തസ്വഭവ 16.11.2013 ) യിലെ നിർദ്ദേശം 6-8 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്ന പരിപാടി പ്രകാരം മെരിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് കേരളത്തിൽ പഠനം നടത്തുന്നതിന് 25000/- രൂപയും സംസ്ഥാനത്തിന് പുറത്ത് 50000/- രൂപയും നൽകാവുന്നതാണ്. പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതിയില്ല. സ.ഉ. (സാധാ) നം. 3172/2014 തസ്വഭവ 2-2-14-ൽ എസ്.സി.പി.റ്റി.എസ്.പി. വനിതാ ഘടക പദ്ധതി- വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ശിശുക്കൾ എന്നിവർക്കായുള്ള പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകാമെങ്കിലും, സ.ഉ. (സാധാ) നം. 787/2015 തസ്വഭവ 18.03.2015 ലെ ഉത്തരവിൽ പ്രൊഫഷണൽ, പോസ്റ്റ് ഗ്രാഡുവേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളി ടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും, മുൻസിപ്പാലിറ്റികൾക്കും മാത്രമാണ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്കു പഞ്ചായത്തുകൾക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 172 ാം വകുപ്പ് (1) ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം പ്രീ മെട്രിക് ഹോസ്റ്റലുകൾ നടത്തുക , പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ നടത്തുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ.കേരള പഞ്ചായത്ത് രാജ് ആക്ട് 166 ാം വകുപ്പ് (1) ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നല്കുക ഗ്രാമ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ രേഖ സ.ഉ.(എം.എസ്) നമ്പർ 362/13 തസ്വഭവ 16.11.2013 ) യിലെ നിർദ്ദേശം 11.13 (XV) പ്രകാരം സബ്സിഡി മാർഗ്ഗ രേഖ പ്രകാരം പ്രത്യേകം അനുവദിച്ചതൊഴികെ വ്യക്തികൾക്കും കുടുംബങ്ങൾക്കും വസ്തുക്കളോ, ആസ്തികളോ, ധനസഹായമോ നല്കുന്നതിനുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും ഏറ്റെടുക്കാൻ പാടില്ലെന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 /27.02.2017) പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

പഠനോപകരണങ്ങൾ വാങ്ങി നൽകൽ എന്നതായിരുന്ന പദ്ധതി എന്നതിനാലാണ് ലാപ്പ്ടോപ്പ് വാങ്ങി നൽകിയതെന്നും, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്നുമാണ്.പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ഉള്ളതിനാൽ അവർക്ക് കൊടുക്കുന്ന ധനസഹായത്തിന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാവുകയില്ല എന്നതു കണക്കിലെടുത്താണ് ലാപ് ടോപ്പ് നല്കുവാൻ കമ്മിറ്റി തീരുമാനിച്ചത്. സിഡ്കോ സർക്കാർ അംഗീകൃത സ്ഥാപനമായിരുന്നതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സ.ഉ.(സാധാ) നം. 1838/2012/ ത.സ്വ.ഭ.വ 3.7.2012 ഉത്തരവിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം അതതു സമയങ്ങളിൽ നല്കുന്ന സപെസിഫിക്കേഷൻ അനുസരിച്ചായരിക്കണമെന്നും, DGS&D Rate Contract നേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS&D Rate Contract നിരക്കുകൾ നിലവിലില്ലെങ്കിലോ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണ് എന്നും നിർദ്ദേശച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സ.ഉ.(സാധാ) നം. 159/2012/ തസ്വഭവ 16.1.2012 ലെ ഉത്തരവിന്റെ 3(ii)-ാം ഖണ്ഡിക മേൽ ഉത്തരവിലൂടെ റദ്ദു ചെയ്തിട്ടുണ്ട്. ആയതിനാൽ പദ്ധതി മാർഗ്ഗ രേഖ, മേല്പറഞ്ഞ സർക്കാർ ഉത്തരവുകൾ എന്നിവയ്ക്ക് വിരുദ്ധമായി ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി 2014-15 ൽ ചെലവഴിച്ച 2,75,000/- രൂപയും 2015-16 ൽ ചെലവഴിച്ച 424791/- രൂപയും തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ പദ്ധതി : ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ

പദ്ധതി നമ്പർ - Soo 24/16

അടങ്കൽ - 1680000/-രൂപ (വികസനഫണ്ട് (എസ്.സി.പി.) - 1677391/-രൂപ, തനത് ഫണ്ട് - 2609/-രൂപ)

2015-16 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ എന്ന പദ്ധതി പ്രകാരം ബ്ലോക്കു പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിലെ സ്കൂളുകളിൽ പഠിക്കുന്ന 8,9,10, ക്ലാസ്സുകളിലെ 185 ആൺകുട്ടികൾക്ക് (സൈക്കിൾ ഒന്നിന് 3500/- രൂപ ക്രമത്തിൽ) ഹെർക്കുലീസ് സൈക്കിളും, 157 പെൺകുട്ടികൾക്ക് (സൈക്കിൾ ഒന്നിന് 3900/- രൂപ ക്രമത്തിൽ) ഹെർക്കുലീസ് ലേഡീസ് സൈക്കിളും വാങ്ങി നൽകി.

<u>ചെലവ് വിവരം ചുവടെ ചേർക്കുന്നു.</u>

| ക്രമ നം. | ഇൻവോയ്സ് നം. | ബിൽ നം./തീയതി | തുക | ഡി.ഡി. നം./തീയതി |
|---|---|---|---|---|
| 1 | വീനസ് സൈക്കിൾ മാർട്ട്, പുത്തൂർ SB00005251/ 27.02.2016 (പെൺകുട്ടികളുടെ സൈക്കിൾ 25x3900=97500/-, ആൺകുട്ടികളുടെ സൈക്കിൾ 33x3500= 115500) | 43/2015-16 /31.03.2016 | 213000 | 038283/ 07.04.2016 |
| 2 | വീനസ് സൈക്കിൾ മാർട്ട്, പുത്തൂർ SB00005664/ 30.03.2016 (പെൺകുട്ടികളുടെ സൈക്കിൾ 50x3900=, 195000/-രൂപ ആൺകുട്ടികളുടെ സൈക്കിൾ 50x3500= 175000/-രൂപ) | 45/2015-16/ 31.03.2016 | 370000 | 138363/ 07.04.2016 |
| 3 | വീനസ് സൈക്കിൾ മാർട്ട്, | 38/2015-16/ | 676800 | 037903/ |

| | | | | |
|---|---|---|---|---|
| | പുത്തൂർ SB00005566/ 24.03.2016 (പെൺകുട്ടികളുടെ സൈക്കിൾ 82x3900= 319800/-രൂപ, ആൺകുട്ടികളുടെ സൈക്കിൾ 102x3500= 357000/-രൂപ) | 30.03.2016 | | 02.04.2016 |
| ആകെ | | | 1259800 | |

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ (സ.ഉ.(എം.എസ്) നമ്പർ 362/13 ത.സ്വ.ഭ.വ 16.11.2013 ) യിലെ നിർദ്ദേശം (6-8) പ്രകാരം 2013-14 അദ്ധ്യയനവർഷം മുതൽ 10-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും സൈക്കിൾ നൽകി. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 8, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 04/27.02.2017) മറുപടിയായി ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ നൽകുക എന്നതായിരുന്നു പദ്ധതി എന്നും, പത്താം ക്ലാസ് പരീക്ഷ മാർച്ച് 20 നകം തീരുന്നതും സൈക്കിൾ വിതരണം നടത്തുന്നത് മാർച്ച് 15 ന് ശേഷവുമായതിനാൽ 8, 9 ക്ലാസുകളിലെ കുട്ടികളേയും ഉൾപ്പെടുത്തുവാൻ കമ്മിറ്റിയിൽ നിർദ്ദേശം (തീരുമാനം നം. I(VIII)/24.03.2015) വന്നതിനാലാണ് ഇപ്രകാരം ആനുകൂല്യം നൽകിയതെന്നാണ്. മറുപടി തൃപ്തികരമല്ല. 8, 9 ക്ലാസ്സുകളിലെ 147ആൺകുട്ടികൾക്കും, 95 പെൺകുട്ടികൾക്കും സൈക്കിൾ വാങ്ങി നൽകിയത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. (VIII-71; IX-76) (VIIII-47;IX-48)കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം പ്രീ മെട്രിക് ഹോസ്റ്റലുകൾ നടത്തുക, പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ നടത്തുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ. കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ധന സഹായം നല്കുക ഗ്രാമ

പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്. സൈക്കിൾ വാങ്ങി നല്കുന്ന പദ്ധതി ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കുന്നതിനാൽ ഇതിന്റെ ആവർത്തനമായി ബ്ലോക്ക് പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കേണ്ടതില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-9 സിഡ്കോ നിർമ്മിക്കാത്ത ഉപകരണങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങി

2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസ്/പുതിയ ഓഡിറ്റോറിയം നവീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ (S0008/16) എന്ന പദ്ധതിയിൽ സിഡ്കോ നിർമ്മിക്കാത്ത താഴെ പറയുന്ന ഉപകരണങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങി

1 അടങ്കൽ - 326000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് - 10885, മെയിന്റനൻസ്

ഫണ്ട് റോഡിതരം -251015/-രൂപ, തനത് ഫണ്ട് - 64100/-രൂപ. ബ്ലോക്ക് പഞ്ചായത്തിന് മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതമില്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിലും സുലേഖ സ്റ്റേറ്റ്മെന്റിലും ഈയിനത്തിൽ തുക വകയിരുത്തി കാണുന്നു.)

ബിൽ നം. 12/2015-16/18.09.2015–251015/-രൂപ, ചെക്ക് നം.2967035/13.10.15 - 24749/- രൂപ

ആകെ ചെലവ് - 275764/- രൂപ

| ഇനം | നിരക്ക് | എണ്ണം | വില | അഭിപ്രായം |
|---|---|---|---|---|
| അഹൂജ മൈക്ക് സെറ്റ് | 35200 | 1 | 35200 | സിഡ്കോയുടെ ഇൻവോയ്സ് നമ്പർ എസ്.എസ്.ഇ.കെ.എൽ.എം. 200/25.08.2015 – 275664/- |
| പ്ലാസ്റ്റിക് മോൾഡഡ് ആം ചെയർ - നീൽകമൽ മോഡൽ 12101 | 550 | 200 | 110000 | |

| | | | | |
|---|---|---|---|---|
| | | | | |
| ഫാൻ - ക്രോംപ്ടൻ ഗ്രീവ്സ് | 7425 | 1 | 7425 | |
| എൽ.ഇ.ഡി. റ്റി.വി. - സാംസങ്ങ് | 19789 | 1 | 19789 | |
| ആകെ | | | 172414 | |
| വാറ്റ് (14.5%) | | | 25000 | |
| ആകെ | | | 197414 | |

സിഡ്കോ നിർമ്മിക്കാത്ത സാധനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയതിന് വിശദീകരണമാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1/22.02.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. 22/9/2011ലെ സ.ഉ.(എം.എസ്) 30/2011 ഐ.ടി.ഡി ഉത്തരവ് പ്രകാരം സിഡ്കോയെ ഡിപ്പാർട്ട് മെന്റൽ കംപ്യൂട്ടറൈസേഷന്റെ ടോട്ടൽ സൊലൂഷൻ പ്രൊവൈഡറായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(സാധാ) നം. 1838/2012/ തസ്വഭവ 3.7.2012 ഉത്തരവിൽ കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം അതതു സമയങ്ങളിൽ നൽകുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായരിക്കണമെന്നും DGS&D Rate Contract നേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS&D Rate Contract നിരക്കുകൾ നിലവിലില്ലെങ്കിലോ കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശച്ചിട്ടുണ്ട്. പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങാമെന്ന സ.ഉ.(സാധാ) നം. 159/2012/ തസ്വഭവ 16.1.2012 ലെ ഉത്തരവിന്റെ 3(ii)-ാം ഖണ്ഡിക മേൽ ഉത്തരവിലൂടെ റദ്ദ് ചെയ്തിട്ടുണ്ട്. ആയതിനാൽ 197414/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 <u>ജനകീയാസൂത്രണം - പിന്നിട്ട 20 വർഷത്തെ ഡോക്യുമെന്റേഷൻ ചെലവുകൾ - അനുവദനീയമല്ലാത്ത പദ്ധതി - 25150/- രൂപ തടസ്സപ്പെടുത്തുന്നു.</u>

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി

നടപ്പിലാക്കിയ ജനകീയാസൂത്രണം-പിന്നിട്ട 20 വർഷത്തെ ഡോക്യുമെന്റേഷൻ ചെലവുകൾ എന്ന പദ്ധതിയ്ക്കായി വികസനഫണ്ട് പൊതുവിഭാഗം സാധാരണവിഹിതത്തിൽ നിന്നും 110000/- രൂപ വകയിരുത്തുകയും, 25150/- രൂപ ചെലവഴിക്കുകയും ചെയ്തു. ബിൽ നമ്പർ 18/2015-16/27.02.2016) ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1.ഡോക്യുമെന്റേഷൻ തയ്യാറാക്കൽ (ഡി.റ്റി.പി., ലാമിനേഷൻ, ഫോട്ടോകോപ്പി, കവർ സെറ്റിംഗ് മുതലായവയ്ക്ക്) 3650/- രൂപ

2. രണ്ട് അനുദ്യോഗസ്ഥരുടെ യാത്രാചെലവ് 1500/- രൂപ

3.രണ്ട് അനുദ്യോഗസ്ഥരുടെ ഓണറേറിയം (10000/- രൂപ ക്രമത്തിൽ) 20000/-
(ഓണറേറിയം + റ്റി.എ.+ ഡോക്യുമെന്റേഷൻ ചെലവ് - 14400/- രൂപ, ചെക്ക് നം. 004101/17.03.2016, ഓണറേറിയം+റ്റി.എ.-10750/-രൂപ ചെക്ക് നം. 004102/17.03.2016)

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 20 വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കിലയുടെ നിർദ്ദേശ പ്രകാരം ഡോക്യുമെന്റേഷൻ നടത്തിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ (സ.ഉ.(എം.എസ്) നമ്പർ 362/13 തസ്വഭവ 16.11.2013) മാർഗ്ഗരേഖ പ്രകാരം ഡോക്യുമെന്റേഷന് അനുമതിയില്ല. ഡോക്യുമെന്റേഷന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/22.02.2017) ഡി.പി.സി. അംഗീകാരം വിശദമായി പരിശോധിച്ച് പിന്നീട് മറുപടി സമർപ്പിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഡോക്യുമെന്റേഷന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ഹാജരാക്കാത്തതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതിയ്ക്കായി ചെലവഴിച്ച 25150/- രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 റോഡ് കോൺക്രീററിംഗിന് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്ക് അനുവദിച്ച നഷ്ടം **21581/-** രൂപ

ഡി.എസ്.ആർ. നിരക്ക് അനുസരിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന്റെ 20 എം.എം. മെററൽ ഉപയോഗിച്ചുള്ള ബേസ് കോൺക്രീറ്റിംഗിന് ഡി.എസ്.ആർ. കോഡ് - 4.1.3 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. കോസ്ററ് ഇൻഡക്സ് ഉൾപ്പെടെ കരാർ വർക്കുകൾക്ക് 7756.67/എം3-ന് (ബേസിക് റേററ്-54466.30) നൽകുന്നതിന് പകരം

8006.65/എം3 നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറിക്ക് (നം.6/15-16,27-2-17) ഡി.എസ്.ആർ-കോഡ്-16.42 നമ്പരായിട്ടുള്ള 1:2:4 സിമൻറ് കോൺക്രീറ്റിംഗ് ഐെററത്തിൻെറ ഷട്ടറിംഗ് ഉൾപ്പെടെയുള്ള മോഡിഫൈഡ് റേറ്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ അംഗീകരിച്ച് നൽകിയതനുസരിച്ചാണ് ടി നിരക്ക് നൽകിയിട്ടുള്ളതെന്നും, ഷട്ടറിംഗ് നൽകിയിട്ടില്ലാത്ത വർക്കുകളിൽ ആയതിന്റെ തുക കുറവ് ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഷട്ടറിംഗിനായി 170.13 രൂപ മാത്രമാണ് ടി നിരക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. സാധാരണ റോഡുകളിൽ ഷട്ടറിംഗ് ആവശ്യമില്ലാത്തതിനാൽ ടി ഒബ്സർവ്ഡ് ഡേറ്റ അംഗീകരിക്കാവുന്നതല്ല. ആയതിനാലും എം.ബുക്കിൽ ഷട്ടറിംഗ് ഉൾപ്പെട്ടിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും താഴെ പറയുന്ന പ്രവർത്തികളിൽ കോൺക്രീറ്റിംഗിന് 8006.65/- രൂപ നൽകിയത് അംഗീകരിക്കാവുന്നതല്ല.

| പ്രോജ. നം, പേര്, തുക | ടി.എസ്.നം. | കരാറു കാരൻ | എഗ്രിമെന്റ് നം, തീയതി | എം. ബുക്ക് നം, അളവ് | നൽകാവുന്ന നിരക്ക്, തുക | നൽകിയ നിരക്ക്, തുക | അധികം നൽകിയത് | ബിൽ നം, തുക, തീയതി |
|---|---|---|---|---|---|---|---|---|
| 73/16കുറുമ്പക്കര കോളനി- കൊച്ചുതെരുവ് റോഡ്, 570000 scp | 236/ 15-16 20-1-16 | സലീം | 11/AE /SBP/ 15-16 13-8-15 | 9/15-16 22.5m$^3$ | 8006.65 180149.63 | 7756.67 174525.07 | 5625 | 52/15-16 456551 31-3-16 |
| 67/16 പ്ലാമുക്ക് വള്ളിക്കുളം ഏലാറോഡ് പ്ലാൻ ഫണ്ട്- ജനറൽ 500000 | 250/15-16 AEE/ SBP /15-16 22-6-15 | വിജയൻ പിള്ള | 26/AEE /SBP/ 15-16 19-8-15 | 39/15-16 23.774m3 | 8006.65 190350 | 7756.67 184407 | 5943 | 47/15-16 404328 31-3-16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 62/16<br>കൊച്ചു തുണ്ടിൽ മുക്ക് -<br>ദേവതുണ്ടിൽ മുക്ക്<br>വി.ഫ.<br>500000 | 251/AEE /SBP/<br>22-6-15 | ഫൈസൽ | 1/AEE /SBP/<br>15-16<br>6-8-15 | 1/15-16 /23.85m3 | 8006.65<br>190958.60 | 7756.67<br>184996.57 | 5962 | 8/15-16<br>406042<br>17-9-15 |
| 72/16<br>കിണറുവിള നാലുതുണ്ടിൽ റോഡ്<br>വി.ഫ.<br>425400 | 229/AEE /SBP/<br>22-6-15 | സഞ്ചയൻ | 18/AEE /SBP/<br>15-16<br>20-8-15 | 15/15-16 /23.25m3 | 8006.65<br>184393.15 | 7756.67<br>180342.57 | 4051 | 15/15-16<br>426005<br>16-1-16 |
| | | | | | | ആകെ | 21581 | |

അധികം നല്കിയ തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 300 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2009-10 | 3.5 | 300 | മുരളീധരൻ പിള്ള, ഡ്രൈവർ | 266/7-10-14 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2014-15

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 213749973 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 164213708 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 88440 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1377990 |

2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 215502162 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 157474860 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21581 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2471375 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

2014-15

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 30000 | ഡോ.പ്രതിഭ,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, മൈനാഗപ്പള്ളി. |
| 3.4.1 | | 30000 | ബീന,ശീതൾ,മനക്കര, ശാസ്താംകോട്ട .പി.ഒ |
| 3.2.1 | | 28440 | ഡോ.അജിലാസ്റ്റ്, വെറ്ററിനറി സർജൻ |
| 3-11 | | 21581 | ശ്രീമതി.ഷൈജ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2014-15

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 300000 | ശ്രീ.ഹരികുമാർ, അസി.ഡയറക്ടർ, കൃഷി |
| 3.6 | 703160 | എ.ഫെയ്സി, |

| | | |
|---|---|---|
| | (388960+ 314200) | സെക്രട്ടറി.(314200/-) റ്റി.ഗോപാലകൃഷ്ണപിള്ള, സെക്രട്ടറി(388960) |
| 3.7 | 275000 | ശ്രീമതി.ലിസ്സ.റ്റി, പട്ടിക ജാതി വികസന ഓഫീസർ |
| 3.5 | 85610 | ഡോ.സുനിൽ കുമാർ, സൂപ്രണ്ട്. താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട |
| 3.22 | 14220 | ഡോ.അജിലാസ്റ്റ്, വെറ്ററിനറി സർജൻ |

2015-16

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 300000 | ശ്രീ.ഹരികുമാർ, അസിസ്റ്റന്റ് ഡയറക്ടർ |
| 3.6 | 1438000 | ശ്രീ.റ്റി.ഗോപാലകൃഷ്ണപിള്ള, കൃഷി |
| 3.7 | 424791 | 174996- ശ്രീമതി. ലിസ്സ.റ്റി, പട്ടിക ജാതി വികസന ഓഫീസർ<br>249795- ശ്രീമതി.ബിജ്ജു സുന്ദർ, പട്ടിക ജാതി വികസന ഓഫീസർ |
| 3.9 | 197414 | റ്റി.ഗോപാലകൃഷ്ണപിള്ള, സെക്രട്ടറി |
| 3.10 | 25150 | റ്റി.ഗോപാലകൃഷ്ണപിള്ള, സെക്രട്ടറി |
| 3.5 | 86020 | ഡോ.സുനിൽ കുമാർ, സൂപ്രണ്ട് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പ്രതിഭ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ,മൈനാഗപ്പള്ളി. | | ഡോ.പ്രതിഭ,പുലരി, കടത്തൂർ,കെ.എസ്.പുരം |
| ബീന, ക്ഷീരവികസന ഓഫീസർ, ശാസ്താംകോട്ട ബ്ലോക്ക് | ബീന, ക്ഷീരവികസന ഓഫീസർ,ശാസ്താം കോട്ട ബ്ലോക്ക്. | ബീന,ശീതൾ,മനക്കര, ശാസ്താംകോട്ട .പി.ഒ |
| ഡോ.അജിലാസ്റ്റ്, സീനിയർവെറ്ററിനറി സർജൻ, ശാസ്താംകോട്ട ബ്ലോക്ക് | ഡോ.അജിലാസ്റ്റ്, വെറ്ററിനറി സർജൻ,ചവറ പഞ്ചായത്ത് | ഡോ.അജിലാസ്റ്റ്, ചൈതന്യ, ഭരണിക്കാവ്, ശാസ്താംകോട്ട പി.ഒ |
| ശ്രീമതി.ഷൈജ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീപുരത്ത് വീട്, ഇളമ്പള്ളൂർ.പി.ഒ, കുണ്ടറ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96& 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി-1358/06, 19-11-2007 | | |
| 1998-99 & 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി-319/09, 6-3-10 | | |
| 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി-1098/99, 9-8-99 | | |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി-320/09, 6-3-10 | | |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-755/10, 6-3-10 | | |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-751/10, 8-3-11 | | |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1914/11, 9-4-12 | | |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1915/11,10-4-12 | | |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-1406/13, 18-12-13 | | |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.ഡി.ബി-2676/14, 16-5-15 | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# **4-10**

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-ഡി.ബി 1513/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി, 22/03/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.